**പതിമൂന്നാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 8055 — 24.07.2012 ൽ മറുപടിയ്ക്ക്

## പ്രധാന നദികൾ മാലിന്യമുക്തമാക്കുന്നതിന് കർമ്മപദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഷാഫി പറമ്പിൽ<br>ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി<br>ശ്രീ.വി.റ്റി.ബൽറാം<br>ശ്രീ.ഡൊമിനിക് പ്രസന്റേഷൻ | സി.എൻ.ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തെ പ്രധാന നദികൾ മാലിന്യമുക്തമാക്കുന്നതിന് മലിനീകരണ നിയന്ത്രണ ബോർഡ് കർമ്മപദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഈ പദ്ധതിയുടെ വിശദാംശങ്ങൾ എന്തെല്ലാം;<br>(സി) കർമ്മപദ്ധതി തയ്യാറാക്കി കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കുമോ ? | (ബി) യും (സി) യും സംസ്ഥാനത്തെ പത്ത് പ്രധാന നദികൾ (കരമനയാറ്, കല്ലടയാറ്, അച്ചൻകോവിലാറ്, പമ്പ, മൂവാറ്റുപുഴ, പെരിയാർ, ചാലക്കുടിയാറ്, ഭാരതപ്പുഴ, ചാലിയാർ, വളപട്ടണം) മാലിന്യ വിമുക്തമാക്കുന്നതിനു വേണ്ടി 2567 കോടി രൂപ മതിപ്പു ചെലവുള്ള കർമ്മ പദ്ധതി കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് തയ്യാറാക്കി 1997-ൽ കേന്ദ്ര സർക്കാരിനു സമർപ്പിച്ചിരുന്നു. 320 കോടി രൂപ ചെലവുള്ള പമ്പാ ആക്ഷൻ പ്ലാൻ കേന്ദ്ര സർക്കാർ അംഗീകരിക്കുകയും ആദ്യഘട്ടം നടപ്പിലാക്കാനായി 18.45 കോടി രൂപ വകയിരുത്തുകയും ചെയ്തു. പദ്ധതി നടപ്പിലാക്കാനുള്ള ചുമതല ജലവിഭവ വകുപ്പിനാണ്. പമ്പാ നദിയുടെ സംരക്ഷണത്തിനായി മുഖ്യമന്ത്രി അദ്ധ്യക്ഷനായി 'പമ്പ റിവർ ബേസിൻ അതോറിറ്റി ' ജലവിഭവ വകുപ്പ് രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ